പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*549

21/11/2019-ൽ മറുപടിയ്ക്ക്

## വിദ്യാലയങ്ങളുടെ അന്താരാഷ്ട്ര നിലവാരം

**ചോദ്യം**

**ശ്രീ. റ്റിവി.രാജേഷ്**
**ശ്രീ. എ. പ്രദീപ്കുമാർ**
**ശ്രീ. കെ.ഡി. പ്രസേനൻ**
**ശ്രീ. സി.കെ. ഹരീന്ദ്രൻ**

(എ) സംസ്ഥാനത്തെ ആയിരം വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുകയെന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാനായി നടത്തുന്ന പ്രവർത്തനം എത്ര പുരോഗതി കൈവരിച്ചെന്ന് അറിയിക്കാമോ;

**മറുപടി**

**പ്രൊഫ.സി.രവീന്ദ്രനാഥ്**
**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിൽ ഈ സർക്കാർ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മിഷൻ മാതൃകയിലാണ് നടപ്പിലാക്കുന്നത്. പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംസ്ഥാനതല കർമ്മസേനയും നയപരമായ കാര്യങ്ങൾ തീരുമാനിക്കുന്നതിന് ബഹു.മുഖ്യമന്ത്രി അധ്യക്ഷനായുള്ള സംസ്ഥാന മിഷനുമുണ്ട്. ഇതിന്റെ ഫലപ്രദമായ നടത്തിപ്പിനായി ലക്ഷ്യങ്ങൾ വ്യക്തമായി മുൻകൂട്ടി നിർണ്ണയിച്ചുകൊണ്ട് ചിട്ടയായ ആസൂത്രണത്തോടുകൂടി സൂക്ഷ്മതയോടെയും സമയബന്ധിതവുമായി നിർവ്വഹിക്കുകയും ലക്ഷ്യമിട്ട ഗുണഫലങ്ങൾ നേടുന്നുണ്ടെന്ന് ഉറപ്പാക്കുകയുമാണ് ചെയ്യുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ചുകൊണ്ടും സംയോജിപ്പിച്ചുകൊണ്ടും താഴെപ്പറയുന്ന നാല് മേഖലകളിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

1) **ഭൗതിക സൗകര്യ വികസനം**

അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടുപയോഗിച്ചുകൊണ്ടും പ്ലാൻ ഫണ്ടുപയോഗിച്ചുകൊണ്ടുമുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു. 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 2017-18 ലെ ബഡ്ജറ്റിൽ അനുവദിച്ച- 141 സ്കൂളുകളിൽ 138 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു. 8 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ

അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 3 കോടി പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ നിർമ്മാണം തുടങ്ങിയ 70 സ്കൂളുകളിൽ എഴ് സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 28 സ്കൂളുകളുടെ DPR കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുള്ളതിൽ 26 സ്കൂളുകളുടെ നിർമ്മാണത്തിനായി 'കൈറ്റ്' ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. കൂടാതെ 39 സ്കൂളുകളുടെ നിർമ്മാണച്ചുമതലയ്ക്ക് SPV യായി 'ഇൻകലിനെ' ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

2018-19 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകൾക്ക് കിഫ്ബി ധനസഹായത്തോട 3 കോടി രൂപ അനുവദിക്കുന്ന പദ്ധതി പ്രകാരം 166 സ്കൂളുകൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനു SPV യായി INKEL നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഒരു കോടി കിഫ്ബി ധനസഹായത്തോടെ, 500 നും 1000 നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം നടത്തുന്നതിന് SPV യായി KILA യെയും ചുമതലപ്പെടുത്തിയിട്ടുമുണ്ട്. എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ടുപയോഗിച്ച് അടിസ്ഥാനസൗകര്യവികസന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും.

## 2. <u>സാങ്കേതിക വിദ്യാ സൗഹൃദ ക്ലാസ്സ് മുറികൾ / വിദ്യാലയം</u>

8 മുതൽ 12 വരെയുള്ള 45000 ക്ലാസ്സ് മുറികളെ സാങ്കേതിക വിദ്യാ സൗഹൃദമാക്കി. ഇതിനാവശ്യമായ ഇ - റിസോഴ്സ് ഉറപ്പാക്കാൻ സമഗ്രപോർട്ടൽ വികസിപ്പിച്ചു. ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു. 4751 ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഉൾപ്പെടെ 11579 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഒരുക്കി. 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതിക്കുള്ള ഉപകരണ വിതരണം ഏകദേശം പൂർത്തിയാക്കി.

3) **അക്കാദമിക പ്രവർത്തനങ്ങൾ**

1. എല്ലാ സ്കൂളുകളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനം നടന്നു വരുന്നു.
2. ഭാഷാ വികാസത്തിനായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി എന്നീ പദ്ധതികൾ.
3. പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കാൻ 'ശ്രദ്ധ' പദ്ധതി
4. ശാസ്ത്രപഠനവും ഗണിത പഠനവും മികവാർന്നതാക്കാൻ ശാസ്ത്ര പാർക്കുകൾ, ശാസ്ത്ര ഗണിത ക്ലബുകൾ, ഗണിത വിജയം, ഉല്ലാസ ഗണിതം, തുടങ്ങിയവ
5. കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിന് 'ടാലന്റ് ലാബ്" പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള ഉൾച്ചേരൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ
6. ജൈവവൈവിധ്യ ഉദ്യാനം, ഓട്ടിസം പാർക്ക്
7. അധ്യാപക പരിശീലനം
8. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളെ മെച്ചപ്പെടുത്തൽ
9. അദ്ധ്യയന നിലവാരം ഉയർത്തുന്നതിനായി കേരളത്തിന്റെ സ്കൂൾ പാഠ്യ പദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ

4. **സമൂഹ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ.**

വിദ്യാലയ വികസന പ്രവർത്തനങ്ങളിലെല്ലാം തന്നെ വലിയ തോതിലുള്ള പൊതുസമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നു. പൊതു വിദ്യാലയങ്ങളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനായി പഠനോത്സവങ്ങൾ പോലെയുള്ള പരിപാടികൾ പി.ടി.എയുടെയും പൊതുസമൂഹത്തിന്റെയും സഹകരണത്തോടെ നടപ്പിലാക്കി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടക്കുന്ന പദ്ധതികളെക്കുറിച്ച് രക്ഷാകർത്താക്കളുമായി സംവദിച്ച് അവരുടെ പിന്തുണ തേടുന്നുണ്ട്.

(ബി) ഹയർസെക്കന്ററി തലം വരെ ഓരോ ക്ലാസിലും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണിയും നേടുന്നുണ്ടോ എന്ന് അവലോകനം ചെയ്തിരുന്നോ?

(ബി) അവലോകനം ചെയ്തിട്ടുണ്ട്.

| | |
|---|---|
| (സി) പാഠ്യേതര മികവ് കഴിവിനനു സൃതമായി വികസിപ്പിക്കുന്നതിന് ഉതകുന്ന രീതിയിൽ അധ്യാപക ഇടപെടൽ സാധ്യമാകുന്നുണ്ടോ; | (സി) സാധ്യമാകുന്നുണ്ട്. |
| (ഡി) വിദ്യാർത്ഥികളിൽ കാർഷിക സംസ്കൃതി തിരിച്ചുപിടിക്കുന്നതിനും പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിനും നടത്തുന്ന പ്രവർത്തനരീതിയെക്കുറിച്ച് അറിയിക്കാമോ? | (ഡി) വിദ്യാർത്ഥികളിൽ കാർഷിക സംസ്കൃതി തിരിച്ചുപിടിക്കുന്നതിനും പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിനും ആയി നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 'ജൈവവൈവിദ്ധ്യ പാർക്ക്' അതിൽ ഏറ്റവും പ്രധാനമാണ്. കൂടാതെ സ്കൂൾ കാമ്പസ്സിൽ പച്ചക്കറി കൃഷി, 'പാഠം ഒന്ന് പാടത്തേക്ക്' തുടങ്ങിയ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

Nanditha P

സെക്ഷൻ ഓഫീസർ